**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3726** | **06-08-2021 - ൽ മറുപടിയ്ക്ക്**

**ഇല്ലിക്കോട്ട് പൊയിൽ പട്ടികജാതി കോളനിയുടെ സമഗ്രവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന അമരമ്പലം ഗ്രാമപഞ്ചായത്ത് ഇല്ലിക്കോട്ട്പൊയിൽ എസ്.സി. കോളനിയുടെ സമഗ്രവികസനം എന്ന പദ്ധതി മൂന്ന് വർഷമായിട്ടും പൂർത്തിയായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതിയുടെ ഭാഗമായി പ്രസ്തുത കോളനിയിൽ ഇതുവരെ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; നിലവിൽ എത്ര രൂപയാണ് ചെലവഴിച്ചതെന്നും അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 28 ഭവനപുനരുദ്ധാരണ പ്രവൃത്തികളിൽ 11 വീടുകളുടെ മേൽക്കൂരയും 9 വീടുകളുടെ പ്ലാസ്റ്ററിംഗും പൂർത്തീകരിച്ചിട്ടുണ്ട്. 14 വീടുകളിൽ ടോയ്‌ലറ്റ് മെയിന്റനൻസും പൂർത്തീകരിച്ചിട്ടുണ്ട്. 70,76,559/- രൂപയുടെ പ്രവർത്തികൾക്കു എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ 20,79,872/- രൂപ ചെലവഴിച്ചു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്നും പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനാരാണെന്നും എന്നാണ് കരാറിലേർപ്പെട്ടതെന്നും എത്ര തുകയ്ക്കാണ് കരാറിലേർപ്പെട്ടതെന്നും അറിയിക്കാമോ; ഇതുവരെയും പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | നിർവ്വഹണ ഏജൻസി - എഫ്.ഐ.ടി. കരാറുകാരൻ - അബ്ദുൾ നാസിർ കെ. കരാർ ഏറ്റെടുത്ത തുക – 66,60,284/- കരാർ ഒപ്പവച്ച തീയതി - 28.01.2019 പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് കരാറുകാരന് പാർട്ട്ബിൽ തുക നിർവ്വഹണ ഏജൻസി അനുവദിച്ചിരുന്നില്ല . ഏജൻസിയുടെ ഭാഗത്ത് നിന്നുള്ള അനാസ്ഥയും സാങ്കേതിക പോരായ്മകളും പ്രാദേശിക പ്രശ്നങ്ങളും പദ്ധതി പൂർത്തീകരണം തടസ്സപ്പെടുത്തി. |
| (സി) | ഇല്ലിക്കോട്ട്പൊയിൽ അംബേദ്കർ ഗ്രാമം പദ്ധതി പൂർത്തീകരിക്കാൻ എന്ത് നടപടികളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; കരാറുകാരനേയും നിർവ്വഹണ ഏജൻസിയേയും മാറ്റി പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാനാവുമോയെന്നറിയിക്കാമോ; | (സി) | പാർട്ട് ബിൽ തുക 20,79,872/- രൂപ 19.11.2020 തീയതിയിൽ അനുവദിക്കുകയും പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കണമെന്ന് കർശന നിർദ്ദേശം ഏജൻസിയ്ക്ക് നൽകുകയും ചെയ്തുവെങ്കിലും നിലവിൽ പ്രവൃത്തി പുനരാരംഭിച്ചിട്ടില്ലാത്തതിനാൽ ഏജൻസിയെയും കരാറുകാരനെയും ഉൾപ്പെടുത്തി പ്രത്യേക യോഗം വിളിയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട എം.എൽ.എ-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ നിർവഹണ ഏജൻസിയെ മാറ്റുവാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | സമയബന്ധിതമായി മേൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതിരുന്ന നിർവ്വഹണ ഏജൻസിയേയും കരാറുകാരനേയും കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; പദ്ധതിയുടെ മേൽനോട്ട ചുമതലയുള്ള പട്ടികജാതി വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) | എഫ്.ഐ.റ്റി-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ മോശമായതിനാൽ ടി ഏജൻസിയെ വകുപ്പിന്റെ പദ്ധതി നിർവ്വഹണങ്ങളിൽ നിന്നും ഒഴിവാക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് വകുപ്പിന്റെയോ വകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നോ പിഴവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ